# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1789 **15.07.2016-ൽ** മറുപടിക്ക്

<u>റാന്നി നിയോജക മണ്ഡലത്തിലെ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പട്ടികജാതി കോളനികളെയാണ് സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നതെന്നും ഏതൊക്കെ വർഷങ്ങളിലാണ് ഓരോ സങ്കേതങ്ങളും തിരഞ്ഞെടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | റാന്നി നിയോജക മണ്ഡലത്തിലെ 'ബിമ്മരം' പട്ടികജാതി കോളനി (2012-13), കിസുമം പട്ടികജാതി കോളനി (2013-14) എന്നിവയെ സ്വയം പര്യാപ്ത ഗ്രാമങ്ങളായി തെരഞ്ഞെടുത്തിരുന്നു. എന്നാൽ കിസുമം പട്ടികജാതി കോളനി നിവാസികളുടെ ആവശ്യങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പകരം 'ചന്തോലിൽ' പട്ടികജാതി കോളനിയുടെ പേര് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനിയിൽ 50 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. 'ചന്തോലിൽ' കോളനിയിൽ 50 പട്ടികജാതി കുടുംബങ്ങൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത സങ്കേതങ്ങളിൽ ഓരോന്നിലും എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | 2012-13 വർഷം തെരഞ്ഞെടുക്കപ്പെട്ട 'ബിമ്മരം' കോളനിയിൽ ഒരു കോടി രൂപയുടെ താഴെ പറയുന്ന പ്രവൃത്തികളാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത് .<br>1. 32 വീടുകളുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ<br>2. റോഡ് കോൺക്രീറ്റ് 500 മീറ്റർ<br>3. അംഗൻവാടി കെട്ടിടത്തിന്റെ പെയിന്റിംഗ്, ഫ്ളോർ ടൈലിംഗ്, ട്രസ് വർക്ക്<br>4. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം<br>5. കമ്മ്യൂണിറ്റി ഹാളിലെ സ്റ്റേജ് പുനരുദ്ധാരണം<br>6. കമ്മ്യൂണിറ്റി ഹാൾ ട്രസ്സ് പുനരുദ്ധാരണം<br>7. കുടിവെള്ള പദ്ധതി |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സങ്കേതങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്നും ഇനി എന്തൊക്കെയാണ് നടപ്പാക്കാനുള്ളതെന്നും ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ? | (സി) | <u>പൂർത്തിയാക്കിയ പദ്ധതികൾ</u><br>● 26 വീടുകളുടെ പ്ലാസ്റ്ററിംഗ്<br>● 500 മീറ്റർ റോഡ് കോൺക്രീറ്റിംഗ്<br>● അംഗൻവാടി കെട്ടിടത്തിന്റെ പെയിന്റിംഗ് & ട്രസ് വർക്ക് .<br>● കമ്മ്യൂണിറ്റി ഹാൾ, സ്റ്റേജ് ,ട്രസ്സ് പുനരുദ്ധാരണം<br>● കുടിവെള്ള പദ്ധതി- കിണർ നിർമ്മാണം, ടാപ്പ് കണക്ഷൻ നൽകുന്നതിലേക്കായി പൈപ്പ് ലൈൻ വലിക്കൽ.<br><br>കുടിവെള്ള പദ്ധതി കോൺക്രീറ്റ് ടാങ്ക് നിർമ്മാണം പുരോഗമിക്കുന്നു.<br><br>6 വീടുകളുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ, അംഗൻവാടി കെട്ടിടത്തിന്റെ ഫ്ളോർ ടൈൽ വർക്ക്, കോൺക്രീറ്റ് വാട്ടർ ടാങ്കിന്റെ ശേഷിച്ച പ്രവൃത്തികൾ, വൈദ്യുത കണക്ഷൻ ലഭിച്ച ശേഷം ടാപ്പ് കണക്ഷൻ ലഭ്യമാക്കൽ എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു.<br>പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ